മരാമത്തുവകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): 163-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്നഭ്യർത്ഥിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മരാമത്തു വകുപ്പുമന്ത്രി അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

The amendment No. 105 moved by Shri Kovoor Kunjumon is by leave, withdrawn. The amendment No. 107 moved by Shri K.P. Mohanan is by leave, withdrawn.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ടോൾ (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 2004-ലെ കേരള ടോൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(3) 2004-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: സർ, ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതി ബിൽ സംബന്ധിച്ച് വളരെ ഗൗരവമായിട്ടുള്ള ചില observations ഈ സഭയിൽ പ്രകടിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞാനിത് മുൻകൂട്ടിത്തന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് എഴുതിയും നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇതുസംബന്ധിച്ച ഖണ്ഡിതമായിട്ടുള്ള അഭിപ്രായങ്ങൾ ചർച്ചയ്ക്ക് മറുപടിയായി അദ്ദേഹം പറയുമെന്ന് കരുതുകയാണ്. എന്റെ അഭിപ്രായത്തിൽ ഈ ബിൽ ഈ രീതിയിൽ പാസ്സാക്കുന്നത് സംസ്ഥാന വരുമാനത്തെ വളരെ പ്രതികൂലമായ രീതിയിൽ ബാധിക്കുകയും ഈ വർഷത്തെ ബഡ്ജറ്റ് മതിപ്പു കണക്കുകളെ അപകടത്തിലാക്കുകയും ചെയ്യും. ഈ ബില്ലിന്റെ ഉദ്ദേശശുദ്ധിയെക്കുറിച്ച് യാതൊരുവിധത്തിലുള്ള അഭിപ്രായ വ്യത്യാസവുമില്ല. നമുക്ക് അത്യാവശ്യം വേണ്ടുന്ന ഒരു നിയമനിർമ്മാണമാണിത്. പക്ഷേ നമ്മുടെ സംസ്ഥാനത്തെ നികുതി വരുമാനത്തിന്റെ 10% തുകയെക്കുറിച്ചാണ് നമ്മൾ സംസാരിക്കുന്നത്. മറ്റു സംസ്ഥാനങ്ങളെടുത്തു നോക്കിയാലും അവിടെ നികുതി വരുമാനത്തിന്റെ 10% സ്റ്റാമ്പ് ഡ്യൂട്ടി വരുന്നുണ്ട്. എന്നാൽ നമ്മുടെ സംസ്ഥാനത്തെ ഭൂവില മറ്റേതു സംസ്ഥാനത്തേക്കാളും ഉയർന്നതാണ്. എന്നുമാത്രമല്ല, ചരിത്രപരമായിത്തന്നെ നമ്മുടെ ഭൂകമ്പോളം മറ്റു സംസ്ഥാനങ്ങളേക്കാൾ വളരെ വിപുലമാണ്. അതുകൊണ്ട് യഥാർത്ഥത്തിൽ നമ്മുടെ stamp & registration duty നികുതി വരുമാനത്തിന്റെ 10% ആയാൽ പോരാ, അതിനേക്കാൾ കൂടുതൽ വേണ്ടതാണ്. അതുകൊണ്ട്, എന്തുകൊണ്ട് ഇതു താഴ്ന്നുനിൽക്കുന്നു എന്നുള്ള ചോദ്യം വരുന്നുണ്ട്. ഇത് നികുതി നിരക്കിന്റെ പ്രശ്നമല്ലെന്നുള്ളത് വളരെ വ്യക്തമാണ്. കാരണം സംസ്ഥാനത്തെ ശരാശരി സ്റ്റാമ്പ് ഡ്യൂട്ടി വരുമാനത്തിന്റെ നികുതി നിരക്ക് 15.5% വരും. മറ്റു സംസ്ഥാനങ്ങളിൽ അത് 6% മുതൽ 10% വരെ മാത്രമേ വരികയുള്ളൂ. പിന്നെ എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? മൊത്തം നികുതി വിഹിതം മാത്രമല്ല, ഇതിന്റെ വളർച്ചയെടുത്താലും 1970-കളിൽ 15.29% വീതം ഈ നികുതിയിനം വളർന്നുവെങ്കിൽ, 1980-കളിൽ 17.9% വീതം വളർന്നുവെങ്കിൽ, 1990-കളിൽ 8.82% വീതമാണ് വളർന്നതെന്ന് ധവളപത്രത്തിൽ തന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങളാണ്. ഇതിനു പ്രധാനപ്പെട്ട കാരണം ഭൂവിലയുടെ under valuation ആണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇതുസംബന്ധിച്ച് പഠിച്ച കമ്മിറ്റി ചൂണ്ടിക്കാണിച്ചത് നമ്മുടെ നഗര മേഖലയിൽ under valuation 77% ആണ്, യഥാർത്ഥത്തിൽ ഭൂവിലയുടെ 23% ആണ് ആധാരങ്ങളിൽ കാണിക്കുന്നത്. ഗ്രാമീണമേഖലയിലെ യഥാർത്ഥ ഭൂവിലയുടെ 30% ആണ് ആധാരത്തിൽ കാണിക്കുന്നത്. യഥാർത്ഥത്തിൽ ഇതിനേക്കാൾ താഴെയാണെന്നുള്ളതാണ് വാസ്തവം. കാരണം ആ കമ്മിറ്റി 10% highest വിലവരുന്ന transaction എടുത്ത് അതാണ് യഥാർത്ഥ വിലയെന്നുള്ള അനുമാനത്തിൽ ശരാശരി വില കുറച്ചിട്ടാണ് എത്രമാത്രം under valuation ഉണ്ടെന്ന് നോക്കിയത്. ഇത് തടയുന്നതിനുവേണ്ടി മുൻകാലങ്ങളിൽ തന്നെ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1968-ൽ ചില നിയമ ഭേദഗതികൾ വന്നു. അതുപ്രകാരം under valuation ആണെന്നു

LIBRARY ARCHIVES Kerala Legislative Assembly

തോന്നുകയാണെങ്കിൽ ജില്ലാ കളക്ടർക്ക് ഇടപെടാം. ഇതൊക്കെയുണ്ടെങ്കിലും ഈ പറഞ്ഞതുപോലെ under valuation തുടരുന്നതിന്റെ ഫലമായി 1997-ലെ ബഡ്ജറ്റിലാണ് ഇത്തരത്തിലൊരു നിയമനിർമ്മാണം വേണമെന്നും അതിനൊരു കമ്മിറ്റിയെ നിയോഗിക്കണമെന്നും തീരുമാനിച്ചത്. കാരണം ഈ fair value നിശ്ചയിക്കുന്നത് ഗൗരവമായ പ്രശ്നമാണ്. 1991-ൽ കളക്ടറെ വച്ചുകൊണ്ട് നമ്മൾ ഓരോ പ്രാവശ്യവും minimum value എന്താണെന്ന് തീരുമാനിച്ചു. രണ്ടുമാസത്തെ ആയുസ്സേ അതിനുണ്ടായിരുന്നുള്ളൂ, അത് പിൻവലിക്കേണ്ടിവന്നു. 1995-ൽ ആർ.ഡി.ഒ.-മാരെ ഉപയോഗിച്ചുകൊണ്ട് fair value നിശ്ചയിച്ച് 10 ലക്ഷം പേർക്ക് ഇവിടെനിന്നും നോട്ടീസ് അയച്ചു. അവസാനം ഒരു amenity scheme 30%-നു പ്രഖ്യാപിച്ച് അതിൽനിന്നും പിൻവലിയേണ്ടിവന്നു. ഇതിന്റെ പശ്ചാത്തലത്തിൽ എനിക്ക് ആദ്യമായി ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത് ഭൂമിയുടെ fair value നിശ്ചയിച്ചതിൽ അപാകതയുണ്ടെന്ന് എല്ലാവരും സബ്ജക്ട് കമ്മിറ്റിയിലും പുറത്തും പറഞ്ഞിട്ടുണ്ട്, അതുകൊണ്ട് ഇതേ അടിസ്ഥാനത്തിൽ മുന്നോട്ടുപോകണം. പക്ഷേ fair value revise ചെയ്യുന്നതിന്, അതിലെ ദോഷങ്ങൾ നീക്കുന്നതിന് എന്തെങ്കിലും ഒരു നടപടിക്രമം അംഗീകരിക്കണം. അതില്ലാതെ മുന്നോട്ടുപോകുന്നത് നമുക്ക് പ്രയാസമുണ്ടാക്കും. Fair value കാലാകാലങ്ങളിൽ റിവൈസ് ചെയ്യുന്നതിനെക്കുറിച്ചല്ല പറയുന്നത്, അതിനുവേണമെങ്കിൽ ഭൂവിലയുടെ index നോക്കിയിട്ട് അതിന്റെ അടിസ്ഥാനത്തിൽ റിവൈസ് ചെയ്യാം. പക്ഷേ ഇന്നുള്ള fair value structure, അതിലെ അപാകതകൾ എങ്ങനെ പരിഹരിക്കാമെന്നതിനെക്കുറിച്ച് ഗൗരവമായ ആലോചനവേണം. രണ്ടാമത്, ഇന്നത്തെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ വച്ചാണെങ്കിൽ സംസ്ഥാന വരുമാനത്തിൽ അതീവഗുരുതരമായിട്ടുള്ള കുറവ് വന്നുഭവിക്കുമെന്ന് ഞാൻ ഭയപ്പെടുകയാണ്. ഈ വർഷത്തെ ബഡ്ജറ്റിൽ stamp & registration-നിൽ നിന്നും 866 കോടി രൂപ ലഭിക്കുമെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ വർഷം അത് 684 കോടി രൂപയായിരുന്നു. രസകരമായിട്ടുള്ള ഒരു കാര്യം ഞാൻ പറയട്ടെ, ധനകാര്യകമ്മിഷനു നൽകിയ fore cast-ൽ നടപ്പുവർഷം 684 കോടി രൂപയല്ല, 554 കോടി രൂപയാണ് stamp & registration വഴിയുള്ള വരുമാനമായി ധനകാര്യ വകുപ്പുമന്ത്രി പ്രതീക്ഷിക്കുന്നത്. അടുത്തവർഷം 866 കോടി രൂപയല്ല, 632 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. ഞാൻ കണക്കുകൾ ഏറെ ഉദ്ധരിക്കുന്നില്ല, നിങ്ങളുടെ റവന്യൂ, മൊത്തം വരുമാനവും നികുതി വരുമാനവും ഇത്തരത്തിൽ അബദ്ധങ്ങളാണ്. വളരെയധികം ഗൃഹപാഠം ചെയ്തു എന്നൊക്കെ പറഞ്ഞുകഴിഞ്ഞിട്ട് അവസാനം നടപ്പുവർഷത്തെ, ഇപ്പോൾ revised estimate നൽകിയിട്ടുണ്ടല്ലോ, നടപ്പുവർഷത്തെ നികുതി വരുമാനംപോലും ശരിയായി കണക്കുകൂട്ടാൻ പറ്റുന്നില്ലെങ്കിൽ ഈ ഗൃഹപാഠം ചെയ്തിട്ട് എന്താണ് കാര്യമുള്ളത്? സംസ്ഥാനത്തിന്റെ റവന്യൂ വരുമാനവും ചെലവും സംബന്ധിച്ച് ധനകാര്യകമ്മീഷന് നൽകിയിരിക്കുന്ന fore cast-ന് എഴുതിയ കടലാസിന്റെ വിലയുണ്ടാകുമോ? നടപ്പു വർഷത്തെ കണക്കുപോലും തെറ്റാണെങ്കിൽ പിന്നീടുള്ള വർഷങ്ങളിലൊക്കെ

ശതമാനം കുറച്ചുകുറച്ചു കൂട്ടുകമാത്രമല്ലേ ചെയ്യുന്നുള്ളൂ. ഏതായാലും fore cast തെറ്റാകട്ടെ, ബഡ്ജറ്റിൽ പറഞ്ഞ കണക്കുകൾ ശരിയാകട്ടെ എന്നുഞാൻ പറയുകയാണ്. പക്ഷേ ഇവിടെ stamp duty registration ഇനത്തിൽ എന്താണ് ചെയ്തിരിക്കുന്നത്? ഇപ്പോൾ പറഞ്ഞിട്ടുള്ളത് അമെന്റ്മെന്റ് പ്രകാരം പ്രൊപ്പോസൽ, പഞ്ചായത്താണെങ്കിൽ 2%, മുനിസിപ്പാലിറ്റിയാണെങ്കിൽ 3%, കോർപ്പറേഷനാണെങ്കിൽ 4%, ഇതിനുപുറമെ.....

മി. സ്പീക്കർ: അങ്ങ് ഒരു detailed discussion-ലേക്ക് പോവുകയാണല്ലോ.

ഡോ. തോമസ് ഐസക്: സർ, This is very important. ഇതുസംബന്ധിച്ച് 1997-ൽ കേരള സർക്കാർ നിയോഗിച്ച കമ്മിറ്റി പരിശോധിച്ചിട്ട് നിർദ്ദേശിച്ച നികുതിനിരക്ക് എത്രയാണെന്ന് ധനകാര്യ വകുപ്പുമന്ത്രിക്ക് അറിയാമോ? നിശ്ചയമായും fair value നിശ്ചയിക്കുമ്പോൾ ഭൂമിയുടെ വില കൂടി, അപ്പോൾ അതിന്റെ ഫലമായി വരുമാനം കൂടും, നികുതിനിരക്ക് കുറച്ചാലും similuation exercise നടത്തിയിട്ട് അന്നത്തെ ടാക്സ് വകുപ്പു സെക്രട്ടറിയടക്കമുള്ളവർ എല്ലാവരുമുണ്ടായിരുന്നു, ആ കമ്മിറ്റി പറഞ്ഞ സർച്ചാർജ് അടക്കം conveyance rate പഞ്ചായത്തിന് 4%, നിങ്ങൾ വച്ചിരിക്കുന്നത് 2%. മുനിസിപ്പാലിറ്റിയിൽ 5%, നിങ്ങൾ വച്ചിരിക്കുന്നത് 3%, കോർപ്പറേഷനിൽ 6%, നിങ്ങൾ വച്ചിരിക്കുന്നത് 4%. റേറ്റ് കുറച്ചുവയ്ക്കുന്നതുകൊണ്ട് എനിക്ക് പ്രയാസമുണ്ടായിട്ടല്ല, പക്ഷേ ഈ നിരക്കുവച്ച് നിങ്ങൾ കണക്കാക്കിയിട്ടുള്ള 866 കോടി രൂപ ഈ വർഷം ലഭിക്കുമോ? പറ്റിയിരിക്കുന്ന തെറ്റ് ഞാൻ ഊഹിക്കുകയാണ്, കാരണം ഇതിനുപുറമെ 2% സർച്ചാർജ്ജുകൂടുക്കാൻ അനുവദിച്ചിട്ടുണ്ട്.

സർച്ചാർജ്ജ് എന്നുപറയുന്നത് സാമാന്യ വ്യവഹാരാർത്ഥത്തിൽ ടേൺ ഓവറിനു മുകളിലല്ല വരുന്നത്, എത്ര നികുതി പിരിക്കുന്നോ ആ നികുതിയുടെ പുറത്താണ് വരുന്നത്. ഈ നിയമസഭയിൽ തന്നെ 10 ശതമാനം സർചാർജ് സെയിൽസ് ടാക്സിനു വച്ചു. മൊത്തം ടേൺ ഓവറിനു പുറത്തല്ല. സെയിൽസ് ടാക്സായി പിരിക്കുന്ന തുകയുടെ മുകളിൽ 10 ശതമാനമാണ്. ഇവിടെ എന്താണ് ചെയ്തിരിക്കുന്നത്? എല്ലാത്തിനും 2 ശതമാനം വരെ സർച്ചാർജ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു പിരിക്കാം എന്നു പറഞ്ഞിട്ടുണ്ട്. അപ്പോൾ പ്രൊപ്പോസൽ പഞ്ചായത്തിൽ 2 ശതമാനം conveyance റേറ്റ് + രണ്ടു ശതമാനം സർച്ചാർജ്. അങ്ങനെ കമ്മിറ്റി പറഞ്ഞ 4 ശതമാനം റേറ്റിൽ എത്തുമെന്നാണ് പറഞ്ഞത്. മുനിസിപ്പാലിറ്റിയിൽ മൂന്നു ശതമാനം conveyance rate +രണ്ടു ശതമാനം സർചാർജ്. അങ്ങനെ അഞ്ചു ശതമാനം conveyance റേറ്റ് വരുമെന്നാണ് പറയുന്നത്. ഇങ്ങനെ തന്നെ പാസ്സാക്കണമെന്നാണ് ധനകാര്യമന്ത്രിക്ക് ധാരണയെങ്കിൽ അങ്ങനെ തന്നെ പാസ്സാക്കാം. ഇവിടെ വിരോധമൊന്നുമില്ല. നികുതി പിരിക്കുന്നതു തന്നെയാണ് പ്രതിപക്ഷത്തിന് സന്തോഷം. പക്ഷേ നിങ്ങളുടെ ബഡ്ജറ്റിലെ കണക്കിൽ പറഞ്ഞ 866 കോടി രൂപയിൽ എത്താൻ . . . . . .

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: സർച്ചാർജിന്റെ ഭാഗമായിട്ടു quantum കുറയുമെന്നാണോ ഡോ. തോമസ് ഐസക് പറയുന്നത്? ഭൂമിയുടെ വില വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ കൂടുകയല്ലേ ചെയ്യുന്നത്?

ഡോ. തോമസ് ഐസക്: സർച്ചാർജ് എന്തിന്റെ പുറത്താണ്? സർചാർജ് ഭൂമിയുടെ വിലയുടെ പുറത്തല്ല. സർചാർജ് പിരിക്കുന്ന നികുതിയുടെ പുറത്താണ്. അല്ലെങ്കിൽ ബില്ലിൽ വ്യവസ്ഥ ചെയ്യണം, ഭൂമിയുടെ വാല്യൂവിന്റെ പുറത്താണ് സർച്ചാർജ് വയ്ക്കുന്നത് എന്ന്. അങ്ങനെയാണെങ്കിൽ റേറ്റ് കൂട്ടി വച്ചാൽ പോരെ? സാമാന്യഗതിയിൽ സർച്ചാർജ് എന്നു പറയുന്നത് പിരിക്കുന്ന നികുതിയുടെ പുറത്തു പിരിക്കുന്നതാണ്. അതുകൊണ്ടാണ് ഈ പ്രൊപ്പോസൽ, കമ്മിറ്റിയുടെ stimulation exercise-നേക്കാൾ വളരെ താഴ്ത്തി, ഈ നിരക്ക് നിശ്ചയിക്കേണ്ടി വന്നിട്ടുള്ളത്. ഇത് ഗൗരവമുള്ള ഒരു പ്രശ്നമായി ഞാൻ കരുതുകയാണ്. ഈ ബില്ലുമായി ബന്ധപ്പെട്ട് രണ്ടു കാര്യങ്ങൾക്കൂടി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. സർചാർജ് ഈ രീതിയിലാണെങ്കിൽ നികുതിയുടെ പുറത്തുവരുന്ന തുകയല്ലേ? അപ്പോൾ പഞ്ചായത്തുകൾക്ക് നേരത്തെയുണ്ടായിരുന്നത് എത്രയാണ്? ഇതിന്റെ ഒരു മടങ്ങു കൂടി കൂടുതൽ വരും. നാലു ശതമാനം, അഞ്ചു ശതമാനം. അത് രണ്ടു ശതമാനമായി ഏകപക്ഷീയമായി കുറയ്ക്കുന്നതു ശരിയാണോ? ഇങ്ങനെ ഒരു നിയമനിർമ്മാണം നടത്തുമ്പോൾ with not withstanding anything said in the Panchayat Raj/Municipal Act എന്നു പറഞ്ഞ് നിയമം പാസ്സാക്കുന്ന രീതി നമ്മൾ കരുപിടിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ പുതിയ സംവിധാനത്തെയാകെ തകർക്കുന്ന ഒന്നാണ്. നേരത്തെത്തന്നെ ഇറിഗേഷന്റെ ബില്ലിലും ഇതുതന്നെ ചെയ്തിട്ടുണ്ട്. ഓരോ ബില്ല് പാസ്സാക്കുമ്പോഴും പഞ്ചായത്ത്രാജ് ബില്ലിലും മുനിസിപ്പാലിറ്റി നിയമത്തിലും എന്തുതന്നെ പറഞ്ഞാലും ഞങ്ങൾ ഇതു തന്നെ ചെയ്യുന്നു എന്നു പറഞ്ഞു പാസ്സാക്കും. കുറച്ചു കഴിയുമ്പോൾ പഞ്ചായത്തു രാജ് ബില്ലും നഗരപാലികാ ബില്ലും ഉണ്ടാകില്ല. ആ രീതിയിലുള്ള ശക്തമായ വിയോജിപ്പ് ഞാൻ പ്രകടിപ്പിക്കുകയാണ്. നിലവിൽ നിയമപ്രകാരം പാർട്ടിസിപ്പേഷനു conveyance rate പൊതു conveyance rate-നേക്കാൾ താഴ്ത്തിയാണ് വച്ചിരിക്കുന്നത്. ഇപ്പോൾ അതില്ല. അതിന്റെ ഫലമായിട്ട് പൊതു തീറാധാരങ്ങൾക്കും പാർട്ടീഷനും നൽകേണ്ടിവരുന്ന നികുതി ഭാരം ഒരേ നിരക്കിൽ ആയിത്തീരും. അതു ന്യായമാണോ? ഇതിൽ വ്യത്യാസം വേണ്ടേ? എന്റെ അഭിപ്രായത്തിൽ വ്യത്യാസം വേണം. പാർട്ടീഷൻ നടത്തുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ഭൂമി വിൽക്കുകയൊന്നുമല്ല ചെയ്യുന്നത്. ഭൂരിപക്ഷം പേരും ചെറുകിട ഭൂസ്വത്തുടമകളാണ്. അവരുടെ ഭൂമി വിഭജിക്കുന്നതിനുവേണ്ടി നേരത്തെ ഒരു ഇളവ് നൽകിയിരുന്നു. ഈ ബില്ലിൽ ആ ഇളവ് വ്യവസ്ഥയില്ല. ഇതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടതാണ്. ഇത്തരത്തിലുള്ള പാർട്ടീഷനു നികുതി ഇളവിൽ നേട്ടം ഉണ്ടാക്കുന്നതിനുവേണ്ടിയിട്ടുള്ള, co-ownership ഉണ്ടാക്കുന്നതിനുവേണ്ടിയിട്ടുള്ള കള്ള ഇടപാടുകൾ ഉണ്ട്. കുറച്ചു ഭൂമി, മൊത്തം സ്ഥലം ഏതെന്നു കാണിക്കാതെ കൈമാറ്റം ചെയ്ത് co-owner ആക്കിയിട്ടു പാർട്ടീഷൻ വഴി വിൽക്കുന്ന ഏർപ്പാടാണ്.

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ ചെയ്യേണ്ടത് പാർട്ടീഷനു ഇളവു നൽകിയിട്ട് co-owners ആണെങ്കിൽ ഇളവിന് സാധ്യതയുണ്ടാകില്ല എന്നു പറയലാണ്. ഒരു കാര്യം കൂടി ഞാൻ ചോദിക്കുകയാണ്. ഈ ബില്ലുമായി നേരിട്ടു ബന്ധപ്പെടാത്തതുകൊണ്ടാണ് ഞാൻ പറയുന്നത്. ഈ നിയമസഭയിൽ ശ്രീ. ആര്യാടൻ മുഹമ്മദും ഞാനും തമ്മിലൊരു തർക്കമുണ്ടായി. ഞാൻ വിചാരിച്ചു ധനകാര്യമന്ത്രി അതിനെക്കുറിച്ചു മറുപടി പറയുമെന്ന്. ശ്രീ. ആര്യാടൻ മുഹമ്മദ് സംസ്ഥാനത്തിന്റെ debt stock കണക്ക് ഉദ്ധരിച്ചു. അദ്ദേഹം പറഞ്ഞത് ശരിയാണ്. ഞാൻ ഉദ്ധരിച്ചത് സംസ്ഥാനത്തിന്റെ മൊത്തം ലയബിലിറ്റീസാണ്. ഞാൻ പറഞ്ഞതും ശരിയാണ്. അപ്പോൾ വെട്ടിലാകുന്നത് ധനകാര്യമന്ത്രിയാണ് എന്നു ഞാൻ പറയും. അന്നു പറയാതിരുന്ന കാര്യം ഇന്നെങ്കിലും പറഞ്ഞാൽ ധനസ്ഥിതിയെക്കുറിച്ച് ഒരു ക്ളാരിറ്റിയുണ്ടാകും. 2002-03-ൽ സംസ്ഥാനത്തിന്റെ debt stock 31060 കോടി രൂപയാണ്. എന്നാൽ സംസ്ഥാനത്തിന്റെ മൊത്തം ലയബിലിറ്റീസ് 33,777 കോടി രൂപയാണ്. ഇതു സി.എ.ജി.യുടെ കണക്കാണ്. എനിക്ക് ധനകാര്യമന്ത്രിയോടു ചോദിക്കാനുള്ളത് ഇതു രണ്ടും തമ്മിലുള്ള വ്യത്യാസമെന്താണെന്നാണ്. 2717 കോടി രൂപ ലയബിലിറ്റീസ് debt stock-നെക്കാൾ ഉയർന്നു നിൽക്കുന്നു. അങ്ങിവിടെ പറയാറുള്ള ഒരു കാര്യമുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചിരുന്നപ്പോൾ കൊടുത്തുതീർക്കാനുള്ള ഒരുപാടു ബില്ലുകൾ ഉണ്ടായിരുന്നു, ഞങ്ങൾ അതൊക്കെ കൊടുത്തു തീർത്തിരിക്കുന്നു എന്ന്. ഒരുപാടു പണം പി. ഡി. അക്കൗണ്ടിൽ ഉണ്ടാക്കിയിരുന്നു., അതൊക്കെ ഇല്ലാതാക്കിയിരിക്കുന്നു. Total debt എന്നു പറഞ്ഞാൽ interest bearing debt മാത്രമേയുള്ളൂ. ലയബിലിറ്റീസെന്നു പറഞ്ഞാൽ ഇങ്ങനെ കൊടുത്തു തീർക്കാനുള്ള പി.ഡി. അക്കൗണ്ടിലുള്ളതും വരും. ഇതാണ് വ്യത്യാസം. 1998-99-ൽ രണ്ടും തമ്മിലുള്ള വ്യത്യാസം 1662 കോടി രൂപയാണ്. നിങ്ങൾ അധികാരത്തിൽ വന്ന 2000-01-ൽ ഇതു തമ്മിലുള്ള വ്യത്യാസം 1798 കോടി രൂപയാണ്. ഇന്ന് ഇതു രണ്ടും തമ്മിലുള്ള വ്യത്യാസം 2717 കോടി രൂപയാണ്. Transparent ആയിട്ടു കാര്യങ്ങൾ നടക്കണം. എവിടെയാണ് കൊടുത്തു തീർക്കാനുള്ളത്? ഏതു അക്കൗണ്ടിലാണ് പണം കൊടുക്കാൻ ബാക്കി വച്ചിട്ടുള്ളത്? ഏതായാലും ബഡ്ജറ്റ് ചർച്ചയുടെ സമയത്ത് വിശദമായി ഉന്നയിക്കാൻ നേരം കിട്ടിയില്ല. സമയ മുണ്ടായിരുന്നെങ്കിൽ കുറച്ചു കൂടി വിശദമായി പറയാമായിരുന്നു. എങ്കിലും ധനകാര്യമന്ത്രി ഇതിനു മറുപടി പറഞ്ഞാൽ നന്നായിരിക്കും.

ശ്രീ. സി. പി. മുഹമ്മദ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നിയമ പരിഷ്കാര കമ്മിറ്റിയുടെ ശുപാർശ പ്രകാരവും ഉയർന്ന നിരക്ക് ഇതര സംസ്ഥാനങ്ങളെക്കാൾ കേരളത്തിനുള്ളതുകൊണ്ടുമാണ് ഇത്രയും മാതൃകാപരമായ ഒരു നിയമനിർമ്മാണത്തിന് പുറപ്പെട്ടത്. ഇവിടെ ഡോ. തോമസ് ഐസക് പറഞ്ഞ ഒരു കാര്യം 1990-2000-ത്തിൽ വരുമാനം കുറഞ്ഞു എന്നാണ്. 1990-2000-ത്തിൽ ഭൂമിയുടെ

ഇടപാട് നടന്നെങ്കിലല്ലേ സർക്കാരിനു വരുമാനം കിട്ടൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ ക്രയവിക്രയങ്ങൾ ധാരാളം നടന്നതുകൊണ്ട് വരുമാനം കൂടിയിട്ടുണ്ട്. രജിസ്ട്രേഷൻ ഉദ്യോഗസ്ഥന്മാരിൽ ചിലരും ആധാരം എഴുത്തുകാരും നികുതി വെട്ടിപ്പുകാരും ചേർന്ന് ഉണ്ടാക്കിയിരുന്ന ഒരു ദൂഷിതവലയം തകർക്കാൻ ഈ നിയമനിർമ്മാണം ഉപകാരപ്രദമാകുമെന്നാണ് ഞാൻ കരുതുന്നത്. പ്രധാനമായും രണ്ട് കാര്യങ്ങളാണ് ഞാൻ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. പഞ്ചായത്തുതലത്തിലും മുനിസിപ്പൽതലത്തിലും കോർപ്പറേഷൻതലത്തിലും സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസുമൊക്കെ കുറച്ചിട്ടുണ്ട്. അത് നല്ല കാര്യമാണ്. പക്ഷേ ധനനിശ്ചയാധാരം, ഭാഗപത്രം, ഇഷ്ടദാനം, പണയം എന്നിവയ്ക്ക് ഇന്ന് അതൊരു ശിക്ഷയായി മാറിക്കൊണ്ടിരിക്കുകയാണ്. ഭർത്താവ് ഭാര്യയ്ക്കു ഇഷ്ടദാനമായി നൽകുന്ന ഭൂമി, പിതാവ് മകന് ഇഷ്ടദാനമായി നൽകുന്ന ഭൂമി, അങ്ങനെ സ്നേഹ വാൽസല്യത്തിന്റെ പേരിൽ നൽകുന്നത്, ഈ ആക്ട് അതേപടി തുടരുകയാണെങ്കിൽ ഒരു ശിക്ഷയായി മാറുമെന്ന് ഞാൻ കരുതുകയാണ്. അതുകൊണ്ട് ദയവായി ഇഷ്ടദാനം ഒരു ദുഷ്ടദാനമായി മാറ്റരുതെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. മാതൃകാപരമായ ഈ നിയമം എങ്ങനെ അട്ടിമറിക്കാമെന്ന് ഈ താരിഫ് വില നിശ്ചയിച്ചപ്പോൾ ചിലരെങ്കിലും ഗൂഢാലോചന നടത്തിയിട്ടുണ്ടാകുമെന്നു ഞാൻ സംശയിക്കുകയാണ്. താരിഫ് വില നിശ്ചയിച്ച കേരളത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള ഏതാനും ചില ഉദാഹരണങ്ങൾ മാത്രം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. കൊച്ചിയിൽ, മറൈൻ ഡ്രൈവിൽ രണ്ടു ലക്ഷം രൂപ വില നിശ്ചയിച്ചപ്പോൾ നോർത്ത്/സൗത്ത് റെയിൽവേ സ്റ്റേഷൻ പരിസരത്ത് നാലു ലക്ഷം രൂപയ്ക്കും അഞ്ചു ലക്ഷം രൂപയ്ക്കുമിടയിലാണ് വില. തിരുവനന്തപുരം സെക്രട്ടേറിയറ്റ് പരിസരത്ത് അഞ്ചു ലക്ഷം രൂപയാണ് വില. ലാ കോളേജ് ഭാഗത്ത് അഞ്ചു ലക്ഷം രൂപയാണ് വില. ഹൗസിംഗ് ബോർഡ് ജംഗ്ഷനിൽ മൂന്നു ലക്ഷം രൂപയാണ് വില. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിന്റെ ഭാഗത്ത് നാല് ലക്ഷം രൂപയാണ് വില. കോഴിക്കോട് മാവൂർ റോഡിൽ രണ്ടു ലക്ഷം രൂപ വില നിശ്ചയിച്ചപ്പോൾ കോഴിക്കോട്ടെ പ്രധാനപ്പെട്ട ജംഗ്ഷനായ പാളയത്ത് 1.56 ലക്ഷം രൂപയാണ് വില. കേരള സംസ്ഥാനമാകെ വില നിശ്ചയിച്ചത് ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാരുടെയും ഏതാനും ഓഫീസർമാരുടെയും ഇഷ്ടപ്രകാരമാണ്. ഇത് അടിയന്തിരമായി തിരുത്തിയില്ലെങ്കിൽ ഇന്നു കേരളത്തിൽ നിശ്ചയിച്ച ഈ വില കണക്കാക്കി കേരള സംസ്ഥാനം മൊത്തം വില നിശ്ചയിച്ചാൽ സാക്ഷാൽ ഭാർഗ്ഗവ രാമൻ പോലും ബോധം കെട്ടുവീഴുമെന്നാണ് എന്റെ അഭിപ്രായം. ഒരു ലക്ഷത്തോളം പേജ് വരുന്ന താരിഫ് വിലയുടെ കണക്ക് പരിശോധിക്കുവാനുള്ള ബുദ്ധിമുട്ടുകൊണ്ട് അത് സി.ഡി-ആയിട്ടാണ് പ്രസിദ്ധീകരിച്ചത്. ഈ ഓർഡിനൻസ് പ്രാബല്യത്തിൽ വന്ന ദിവസം തൊട്ട് അപ്പീൽ നൽകാനുള്ള സമയം ഒരു മാസമായിരുന്നു. ആ ഒരു മാസം തീരുന്നത് ഫെബ്രുവരി മാസം 6-ാം തീയതിയാണ്. പലർക്കും പരാതി ബോധിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇത് സി.ഡി-യിലായതുകൊണ്ട് പരാതികൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിച്ചിട്ടില്ല. സി.ഡി. നോക്കാൻ എത്രയാളുകൾക്ക് കഴിയും? മലപ്പുറം ജില്ലയിലാണെങ്കിൽ അക്ഷയ വന്നതുകൊണ്ട് അവർക്ക് കഴിഞ്ഞുവെന്നു വരും. അതുകൊണ്ട് ഈ ബിൽ നടപ്പാകുന്ന മുൻകാല പ്രാബല്യം ഒഴിവാക്കി ഇതിലെ ആശങ്കകളും തെറ്റുകളും തിരുത്തണം. ഇത് നല്ല നിലയിൽ മുന്നോട്ടു കൊണ്ടുപോയാൽ നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിക്കും. സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസുമൊക്കെ കൂട്ടി ആളുകളെ കള്ളൻമാരാക്കുന്നതിനു പകരം ഈ നിയമം അനുസരിക്കുന്നവരാക്കി മാറ്റിയാൽ ഗവൺമെന്റിന്റെ വരുമാനം കൂട്ടാൻ സാധിക്കുമെന്നാണ് എന്റെ പ്രത്യാശ. അതുകൊണ്ട് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ല കേരള മുദ്രപ്പത്ര (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ രാജ്യത്തും കേരളത്തിലും ഇന്ന് വ്യാജ മുദ്രപ്പത്രങ്ങളുടെ വ്യാപനം അന്വേഷണവിധേയമായിരിക്കുകയാണ്. ഈ സന്ദർഭത്തിലാണ് ഈ നിയമസഭയിൽ ഈ ബിൽ ചർച്ച ചെയ്യപ്പെടുന്നത്. ഞാൻ രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ഭൂമിയുടെ വില നിശ്ചയിക്കുന്നതിന് രണ്ട് മാനദണ്ഡങ്ങളാണല്ലോ ഇപ്പോൾ നിലവിലുള്ളത്. ഒന്ന് മോഹവിലയും മറ്റൊന്ന് മതിപ്പു വിലയും. മോഹവിലയെന്നു പറയുന്നത് സമ്പന്നൻമാർ ഇഷ്ടപ്പെട്ട് വാങ്ങുന്നതാണ് മോഹവില. സാധാരണക്കാർ വിലപേശി നിശ്ചയിക്കുന്നതാണ് മതിപ്പുവില. സംസ്ഥാനത്തെ ഭൂരിഭാഗം ജനങ്ങൾക്കും പ്രയോജനം കിട്ടുന്നതിന് മതിപ്പു വില അടിസ്ഥാനമാക്കിയാണ് വില നിശ്ചയിക്കേണ്ടത്. എന്നാൽ ഇന്ന് പ്രസിദ്ധീകരിച്ചിരിക്കുന്നത് തികച്ചും വ്യത്യസ്തമാണ്. മോഹവിലയെ ആധാരമാക്കിയാണ് വില നിശ്ചയിച്ചിരിക്കുന്നത്. നാല് രൂപത്തിലാണ് ഇതിന് മാനദണ്ഡം നിശ്ചയിച്ചത്. (ഒന്ന്) പ്രധാനപ്പെട്ട റോഡിന് സമീപം, (രണ്ട്) ഉൾറോഡ് (മൂന്ന്) ഇടറോഡ് (നാല്) നടപ്പാത എന്നിങ്ങനെയാണ് എന്നാൽ ഇത്തരത്തിൽ സ്ഥലത്തിന്റെ പേരുകളുടെ വേർതിരിച്ച പട്ടിക വയ്ക്കാതിരിക്കുന്നതിന് യാതൊരു ന്യായീകരണവുമില്ല. ഇപ്പോൾ കുട്ടികളെ വിവാഹം കഴിപ്പിക്കുന്നതിനും മറ്റും വേണ്ടി അൽപ്പം സ്ഥലം വിൽക്കാൻ ഉണ്ടെങ്കിൽ അതിനു സാധിക്കാത്ത ഒരു സ്ഥിതിയാണുള്ളത്. എനിക്ക് സംസ്ഥാന തലത്തിലൊന്നും വലിയ പരിശോധന നടത്താൻ കഴിഞ്ഞിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ ഹരിപ്പാട് ടൗണിൽ ആർ.-ന് 25,000 രൂപ വില നിശ്ചയിച്ചിരിക്കുന്നു. തൊട്ടടുത്ത് കിടക്കുന്ന കുമാരപുരം പഞ്ചായത്തിൽ നടവഴിക്ക് സമീപമുള്ള സർവെ 350-ൽ ആർ-ന് ഒരു ലക്ഷം രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. നാഷണൽ ഹൈവേയുടെ സൈഡിലുള്ള ഹരിപ്പാട് ടൗണിൽ 25,000 രൂപ വില നിശ്ചയിക്കുമ്പോൾ നടപ്പാതയ്ക്ക് സമീപം ഒരു ലക്ഷം രൂപയാണ് തീരുമാനിച്ചിരിക്കുന്നത്. സെന്റിന് 500 രൂപയെന്നു പറഞ്ഞാൽ, ഒരു ആർ-ന് 1250 രൂപ വിലകിട്ടാത്ത എന്റെ നാട്ടിലെ ഒരു മുണ്ടകൻ പാടമുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

കുമാരപുരം സർവെ 454/3-ൽ ഒരു ആർ-ന് 45,000 രൂപയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് പരിശോധനയ്ക്ക് വിധേയമാക്കണം. 6250 രൂപ ആർ-ന് വിലയുള്ള സ്ഥലത്ത് 30,000 രൂപ ശരാശരി വച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ പഞ്ചായത്ത് റോഡിന് സമീപമുള്ള ഭൂമിക്കെല്ലാം 60,000 രൂപയാണ് ഒരു ആർ-ന് വച്ചിരിക്കുന്നത്. ഇത് പരിശോധിക്കാൻ സമയമുണ്ടായില്ല. ഇപ്പോൾ ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞ ഒരു കാര്യം ജനുവരി 5-ന് ഓർഡിനൻസ് പ്രാബല്യത്തിൽവന്നു 30 ദിവസത്തിനകം പരാതി കൊടുക്കണം. ഫെബ്രുവരി അഞ്ചിന് കാലാവധി തീർന്നു. 17-ാം തീയതിയിലെ 'മാതൃഭൂമി' പത്രത്തിലാണ് എന്റെ ശ്രദ്ധയിൽ ഇതുപെട്ടത്. അപ്പോൾ അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് 16-ാം തീയതി മുതൽതന്നെ കായംകുളത്തെയും ഹരിപ്പാട്ടെയും സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇത് നടപ്പിലാക്കുന്ന സ്ഥിതിവിശേഷമുണ്ടായിരിക്കുന്നു എന്നാണ്. അതുമാത്രമല്ല പല പ്രദേശങ്ങളും വിട്ടുപോയിരിക്കുന്നു. ഞാൻ പരിശോധിച്ചത് കുമാരപുരം പഞ്ചായത്താണ്. ഇവിടുത്തെ സർവെ 6002/02 കഴിഞ്ഞാൽ പിന്നെയുള്ളത് 6005/16 ആണ്. ബാക്കിയുള്ള സ്ഥലത്തിന് നോട്ടിഫിക്കേഷൻ ഇല്ല. ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കുവാനുള്ളത് വിയപുരം വില്ലേജിൽ അച്ചൻ കോവിൽ—പമ്പാ ലിങ്ക് കനാലിന് സ്ഥലമെടുക്കുന്നു. അവിടെ ഒരു ആർ. നിലത്തിന് 839 രൂപയും പുരയിടത്തിന് 1528 രൂപയുമാണ് പൊന്നുംവില നിശ്ചയിച്ചിരിക്കുന്നത്. മനസ്സിലാക്കിയിരിക്കേണ്ടത് അതേ സ്ഥലത്തിന് ഭൂമിയുടെ മുഖവില നിശ്ചയിച്ചിരിക്കുന്നത് പത്ത് ഇരട്ടി, 14,000 രൂപ. ഒന്നുകിൽ ഭൂമിയെടുക്കുന്ന കൃഷിക്കാരന് 14,000 രൂപ കൊടുക്കണം, അതല്ലെങ്കിൽ അവിടുത്തെ മുഖവില പരിശോധിച്ച് സർക്കാർ ഇട്ടിരിക്കുന്ന പൊന്നുംവിലയിട്ടെങ്കിലും അതിന്റെ മുഖവില നിശ്ചയിക്കാൻ തയ്യാറാകണം. വളരെ അടിസ്ഥാനപരമായ ഒരു അന്തരം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഈ പറയുന്ന സമയപരിധിക്കുള്ളിൽ പരാതി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. സി.ഡി-ആയിട്ടാണ് പ്രസിദ്ധീകരിച്ചിരിക്കുന്നതെന്ന് പറഞ്ഞു. ഞാൻ അത് കണ്ടതേയില്ല. അവസാനം ആധാരമെഴുത്തുകാരും ബന്ധപ്പെട്ടവരുമൊക്കെ പരാതിപറഞ്ഞപ്പോൾ ഞാൻ അന്വേഷിച്ചു. ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ ഇത് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഞാൻ താമസിക്കുന്ന സ്ഥലത്തിന് ഒരു ലക്ഷം രൂപയാണ് വച്ചിരിക്കുന്നത്. അതിന്റെ പകുതി കാശ് തന്നാൽ ഞാൻ ആ സ്ഥലം ആർക്കെങ്കിലും എഴുതി കൊടുത്തേക്കാം. മുഖവില നിശ്ചയിച്ചിരിക്കുന്നതിന്റെ പകുതി വില കിട്ടിയാൽ ഞാൻ ആർക്കുവേണമെങ്കിലും എഴുതിക്കൊടുക്കാൻ തയ്യാറാണ്. അതിന്റെ പത്തിലൊന്ന് വില അവിടെ കിട്ടത്തില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഇതിന് പരാതി കൊടുക്കാനുള്ള സമയമുണ്ടാകണം, പരാതികൾ വസ്തുതാപരമായി പരിശോധിക്കാൻ അവസരമുണ്ടാകണം. ഇല്ലെങ്കിൽ പത്ത് ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായി കുറച്ചിരിക്കുന്ന പഞ്ചായത്ത് പ്രദേശങ്ങളിലെ ആളുകൾക്ക് ഇത് 50 ശതമാനമായി വർദ്ധിക്കുന്നതായി ഫലത്തിൽ വരും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ: അങ്ങയുടെ സ്ഥലത്തിന് ഒരു ലക്ഷം രൂപ വിലകിട്ടിയാൽ കൊടുക്കാമെന്ന് പറഞ്ഞല്ലോ. അപ്പോൾ പണം കിട്ടിയാൽ അങ്ങ് കുടുംബവും കുളംതോണ്ടാൻ തയ്യാറാണല്ലേ?

ശ്രീ. ടി. കെ. ദേവകുമാർ: കുളംതോണ്ടി ശീലമുള്ളവർക്ക് എന്തുകേട്ടാലും അതെന്ന് തോന്നും. അത് എന്റെ കുഴപ്പമാണോ. ഞാൻ പറഞ്ഞത് ബുദ്ധിയുള്ളവർക്കെല്ലാം മനസ്സിലായിട്ടുണ്ട്.

മി. സ്പീക്കർ: ഒരു നല്ല കാര്യം പറഞ്ഞാൽ അപ്രീഷിയേറ്റ് ചെയ്യണം. ഞാൻ അപ്രീഷിയേറ്റ് ചെയ്യും.

ശ്രീ. ടി. കെ. ദേവകുമാർ: ഭാഗഉടമ്പടിക്ക്, കുടുംബങ്ങളിൽ ഭാഗഉടമ്പടി നടത്തുന്നതിന് നേരത്തെയുണ്ടായിരുന്നത് വിലയാധാരത്തിന്റെ സ്റ്റാമ്പ് ഡ്യൂട്ടിയുടെ നേരെ പകുതിയായിരുന്നു. പത്ത് ശതമാനമായിരുന്നത് അഞ്ച് ശതമാനമായി. ഇപ്പോൾ നാലു ശതമാനം വിലയാധാരത്തിനായപ്പോൾ ഭാഗഉടമ്പടിക്ക് അഞ്ച് ശതമാനമാണ്. ഇത് നീതിയാണോ? ഇഷ്ടദാനത്തിന്റെ കാര്യം ഞാൻ പറയുന്നില്ല. ഭാഗഉടമ്പടിക്ക്, അതായത് ഒരു കുടുംബം ഭാഗം വയ്ക്കേണ്ടി വരുന്നതുകൊണ്ട് ആനുപാതികമായി ഭാഗഉടമ്പടിക്ക് ടാക്സ് കുറയ്ക്കണം. ഇപ്പോൾ വിലയാധാരത്തിന് നാലു ശതമാനവും ഭാഗഉടമ്പടിക്ക് അഞ്ചു ശതമാനവുമാണ് സ്റ്റാമ്പ് ഡ്യൂട്ടി. ഇഷ്ടദാനങ്ങൾ ഇപ്പോൾ നിയമംകൊണ്ട് ക്രമീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഭാഗഉടമ്പടിക്ക് സ്റ്റാമ്പ് ഡ്യൂട്ടി ചുമത്തുന്നതിൽ ആനുപാതികമായ കുറവ് വരുത്തണം.

മി. സ്പീക്കർ: ക്ളാസ് ബൈ ക്ളാസിന് അമെന്റുമെന്റ് കൊടുത്തിട്ടില്ലേ?

ശ്രീ. ടി. കെ. ദേവകുമാർ: കൊടുത്തിട്ടുണ്ട്, അതിൽ സംസാരിക്കുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, ഇപ്പോൾ ഭാഗഉടമ്പടിക്ക് അഞ്ചു ശതമാനവും വിലയാധാരത്തിന് നാലു ശതമാനവുമാണുള്ളത്. ഭാഗഉടമ്പടിക്ക് ക്രമാനുഗതമായി കുറച്ച് ഭാഗഉടമ്പടി നടത്താനുള്ള ഒരു സാഹചര്യമുണ്ടാക്കണം എന്നാണ്. നമ്മുടെ നാട്ടിൽ ഈ രംഗത്തുണ്ടായിട്ടുള്ള ഒത്തുകളി അവസാനിപ്പിക്കാൻ, സദുദ്ദേശ്യത്തോടുകൂടിയാണ് അങ്ങ് ശ്രമം നടത്തുന്നതെങ്കിൽ ഗവൺമെന്റ് തലത്തിൽ ഇതിന് സമയം കൊടുത്ത്, സാവകാശം കൊടുത്ത് പരാതികൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഇത് അട്ടിമറിക്കുവാൻ ഗൂഢസംഘം പ്രവർത്തിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇപ്പോൾ ഭൂമിയുടെ വിലയുമായി യാതൊരു ബന്ധവുമില്ലാത്ത രീതിയിലാണ് വില പ്രഖ്യാപിച്ചിരിക്കുന്നത്. ഇതിന്റെ പിന്നിൽ ഒരു ഗൂഢസംഘം പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് മുഖവില പ്രഖ്യാപിച്ചിരിക്കുന്നതിൽ ശാസ്ത്രീയമായ പരിശോധനയുണ്ടാകണം. വസ്തുതാപരമായ വിലനിർണ്ണയമുണ്ടാകണം. അതിനുള്ള സമയവും സാവകാശവും കൊടുത്തുകൊണ്ട് യാഥാർത്ഥ്യ ബോധത്തോടുകൂടിയുള്ള വിലനിർണ്ണയമുണ്ടാകണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, 2004-ലെ കേരള (മുദ്രപത്ര) ഭേദഗതി ബില്ലാണിത്. ഫെയർവാല്യൂവിനെക്കുറിച്ചാണ് ഇവിടെ ദീർഘമായ അഭിപ്രായങ്ങൾ വന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിൽ കുറേക്കാലമായി ഭൂമി കൈമാറ്റം നടത്തുമ്പോൾ യാതൊരുവിധ വകഭേദവുമില്ലാതെ പാവപ്പെട്ടവനായാലും പണക്കാരനായാലും ആരായാലും സെന്റിന് ഒരു ലക്ഷം രൂപ വിലയുണ്ടെങ്കിൽ വില വളരെ കുറച്ച് 30,000 രൂപ കാണിച്ച് രജിസ്ട്രേഷൻ നടത്തിയിരുന്നു. ഇങ്ങനെ രജിസ്ട്രേഷൻ നടത്തുന്നതുകൊണ്ടുള്ള പ്രധാന നഷ്ടമെന്നുപറയുന്നത് ഗവൺമെന്റിനാണ്. അതുകൊണ്ട് ഭൂമി വാങ്ങിക്കുന്നവനും അധികം ലാഭമില്ല, കൊടുക്കുന്നവന് മുഴുവൻ പണം കിട്ടുകയും ചെയ്യും. ഈ പരിതഃസ്ഥിതിയിൽ ഗവൺമെന്റിന് വലിയ നഷ്ടം വരാത്തവിധത്തിൽ വ്യക്തമായ ഒരു വില നിശ്ചയിക്കണമെന്ന് തീരുമാനിച്ചതുകൊണ്ടാണ് ഇങ്ങനെയൊരു ബിൽ കൊണ്ടുവരാൻ കാരണമായത്. ഫെയർവാല്യൂവിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രജിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് 7-2-2002-ൽ ഒരു എക്സ്പെർട്ട് കമ്മിറ്റിയെ നിയോഗിക്കുകയും കമ്മിറ്റി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. The Expert Committee constituted to suggest a scientific basis for fixation of fair value of land and allied subjects relating to Registration Department and submitted its detailed report to the Government. 7-2-2002-ലെ ജി.ഒ. ആണ്. ഈ നിയമം കൊണ്ടു വരുമ്പോൾ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ ഒരു കാര്യം ചെയ്തത് ശരിയാണ്. പഞ്ചായത്തിൽ 6% ഉണ്ടായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി 2% ആയിട്ട് കുറച്ചു. സർച്ചാർജ്ജ് 4% ആയിരുന്നത് 2% ആയിട്ട് കുറച്ചു. ടോട്ടൽ 10% ആയിരുന്നത് 4% ആയിട്ട് കുറച്ചു. മുനിസിപ്പാലിറ്റിയിൽ എട്ടര ശതമാനമായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി 3% ആക്കി. 4% ആയിരുന്ന സർച്ചാർജ്ജ് 2% ആക്കി. ടോട്ടൽ പന്ത്രണ്ടര ശതമാനം ഉണ്ടായിരുന്നത് 5% ആക്കി. കോർപ്പറേഷനിൽ എട്ടര ശതമാനം ഉണ്ടായിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി 4% ആക്കി. സർച്ചാർജ്ജ് 5% ഉണ്ടായിരുന്നത് 2% ആക്കി. ടോട്ടൽ പതിമൂന്നര ശതമാനം ഉണ്ടായിരുന്നത് 6% ശതമാനമാക്കി. കേരള മുനിസിപ്പാലിറ്റി ആക്ടിലും കേരള പഞ്ചായത്ത് ആക്ടിലും സർച്ചാർജ്ജ് ഈടാക്കുന്നത് ഭൂമിയുടെ വിലയുടെ മേലാണ്. As per new section 30 (a) inserted by Section 2 of the bill the surcharge shall not exceed 2% of the amount on which the stamp duty is payable. ഇത് വളരെ ഉദ്ദേശശുദ്ധിയോടുകൂടി കൊണ്ടുവന്നിട്ടുള്ള ബില്ലാണ്. ഇതിൽ ഫെയർവാല്യൂവിനെ സംബന്ധിച്ച് ഇപ്പോഴും അഭിപ്രായവ്യത്യാസമുണ്ട്. ഇതിൽ അപാകതകളുണ്ടെന്നു പറഞ്ഞ് ആളുകളിൽനിന്നും ഗവൺമെന്റിന് പരാതി കിട്ടിയിട്ടുണ്ട്. ഇവിടെ പ്രസംഗിച്ച ഡോ. തോമസ് ഐസക്ക്, ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. ടി. കെ. ദേവകുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞത് ശരിയാണ്. അത് തെറ്റാണെന്ന് ആർക്കും അഭിപ്രായമില്ല. തിരുവനന്തപുരത്ത് ഒരു സ്ഥലത്തുനിന്നും പത്തു മീറ്റർ മാറിപ്പോയാൽ വിലയ്ക്ക് വ്യത്യാസമുണ്ടാകും. അയൽസംസ്ഥാനങ്ങളിൽ ഫെയർവാല്യൂ ബിൽ

കൊണ്ടുവന്നതിനുശേഷം പതിനേഴ് പതിനെട്ടു പ്രാവശ്യം പിന്നേയും മാറ്റങ്ങൾ വരുത്തിയിരിക്കുന്നു. നമുക്കും ബിൽ കൊണ്ടുവന്നതിനുശേഷം മാറ്റങ്ങൾ വരുത്തേണ്ടി വന്നേക്കാം.

മി. സ്പീക്കർ: ഇത് എല്ലാപേരും സ്വാഗതം ചെയ്യുന്ന ഒരു നല്ല ബില്ലാണ്. വില നിശ്ചയിച്ചതിൽ മാത്രമാണ് അഭിപ്രായ വ്യത്യാസമുള്ളത്. അതിനൊരു സംവിധാനമുണ്ടാക്കിയാൽമതി.

ശ്രീ. കെ. ശങ്കരനാരായണൻ: തീർച്ചയായും ഇതിനൊരു സംവിധാനം ഉണ്ടാക്കണമെന്ന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എല്ലാപേർക്കും അക്സപ്റ്റബിളായിട്ടുള്ള ഒരു സംവിധാനം ഇക്കാര്യത്തിൽ ഉണ്ടാക്കുന്നതാണ്.

Mr. Speaker: Shri C.P. Mohammed, do you press your amendment ?

Shri C. P. Mohammed: No.

Mr. Speaker: The amendment moved by Shri C. P. Mohammed is, by leave, withdrawn.

Shri T. K. Devakumar, do you press your amendment ?

Shri T. K. Devakumar: Yes.

Mr. Speaker: Those for the amendment.....

Those against the amendment.....

The amendment moved by Shri T. K. Devakumar was, put and lost.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2004-ലെ കേരള മുദ്രപത്ര (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ:.....

പ്രതികൂലിക്കുന്നവർ:.....

പ്രമേയം പാസ്സായിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

Shri.P. Jayarajan: Sir, I move the following amendment:

(105): In Section 30 A, newly inserted in the Principal Act proposed to be inserted by clause 2, insert the word "or a corporation" in between the words "or a Municipality" and "shall not".

LIBRARY ARCHIVES Kerala Legislative Assembly

ഓർഡിനൻസ് വന്നപ്പോൾതന്നെ ബഹുമാനപ്പെട്ട രജിസ്ട്രേഷൻ വകുപ്പുമന്ത്രിക്ക് ഡിസംബർ 6-ാം തീയതി ഞാൻ ഒരു കത്ത് കൊടുത്തിരുന്നു. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞപ്പോഴും എനിക്ക് മനസ്സിലായില്ല. പ്രതിഫലത്തുകയാണ് നേരത്തേ സ്റ്റാമ്പ് ആക്ടിൽ ഉണ്ടായിരുന്നത്. 1994-ലെ സ്റ്റാമ്പ് ആക്ട് ഭേദഗതി പ്രകാരം ഫെയർവാല്യൂ എങ്ങനെ നിശ്ചയിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. 2003 ഡിസംബർ മാസം മുതൽ ഓർഡിനൻസ് പ്രാബല്യത്തിൽ വരുമ്പോൾ എന്തുകൊണ്ടാണ് ഫെയർ വാല്യൂ അതിനുമുമ്പ് നിജപ്പെടുത്തിയില്ലായെന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി ഇതുവരെ മറുപടി പറഞ്ഞിട്ടില്ല. അതുമാത്രമല്ല എന്റെ ഭേദഗതി, അതിനുള്ള ഒരു വിശദീകരണം വേണം. കാരണം ഓർഡിനൻസ് നേരത്തേവന്നു. ഓർഡിനൻസ് വരുന്നതിനുമുമ്പ് 1994-ലെ സ്റ്റാമ്പ് ആക്ട് ഭേദഗതിയിൽത്തന്നെ ഫെയർവാല്യൂ എങ്ങനെ നിശ്ചയിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഫെയർവാല്യൂ നിശ്ചയിക്കുന്നതിനുമുമ്പ് ഓർഡിനൻസ് ബിൽ കൊണ്ടുവന്നതിന്റെ പ്രസക്തി എന്താണ്? 30(എ)-ൽ പറഞ്ഞിട്ടുള്ളത്, ...stamp duty leviable on any instrument by a Grama Panchayat or a Municipality shall not exceed..... എന്നാണ്. പഞ്ചായത്ത് ആക്ട് പ്രകാരവും മുനിസിപ്പൽ ആക്ട് പ്രകാരവും മുനിസിപ്പൽ കോർപ്പറേഷന് പ്രത്യേകമായി രേഖപ്പെടുത്തിയിട്ടുണ്ട്, Grama Panchayat or a Municipality എന്നതിനുശേഷം "or a corporation" എന്നു ചേർക്കണം. ഷെഡ്യൂളിൽത്തന്നെ പറഞ്ഞിട്ടുണ്ട്. 22(i)-ൽ the Municipalities other than Municipal Corporations എന്നു പറഞ്ഞിട്ട് രണ്ടാമതായി (ii) the Municipal Corporations എന്നുപറയുന്ന ഈ ഭേദഗതി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

Shri P. J. Joy: Sir, I move the following amendment:

(107) : In Section 30 A, of the Principal Act, proposed to be inserted by clause 2, for "shall not exceed two percent" substitute "one and a half percent or two percent respectively".

ഗ്രാമപഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും മുനിസിപ്പൽ കോർപ്പറേഷനിലും പരമാവധി സർച്ചാർജ്ജ് 2% എന്നാണ് നിജപ്പെടുത്തിയിരിക്കുന്നത്. ഗ്രാമപ്രദേശത്ത് മാറ്റം ആവശ്യമാണ്. അര ശതമാനമെങ്കിലും കുറവു വരുത്തണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri M.V. Jayarajan : Sir, I move the following amendments:

(117): In Section 30A, newly inserted in the principal Act by clause 2, insert the following words "and by a corporation 2.5 percent" in between the words "two percent" and "of the amount"

LIBRARY ARCHIVES Kerala Legislative Assembly

(119): After the new Section 30 A of the principal Act proposed to be inserted by clause 2 add the following as sub-section (ii) "(ii) The Government will take appropriate action to compensate the loss sustained by the local bodies, in view of the amendment proposed as sub-clause(i)".

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ സർച്ചാർജ്ജ് ഒരേ നിരക്കായാൽ ശരിയാകുകയില്ല. ഗ്രാമപഞ്ചായത്തിൽ കുറയ്ക്കണം. ഇതിന്റെ ഭാഗമായി ലോക്കൽ ബോഡീസിന് സ്റ്റാമ്പ് ഡ്യൂട്ടിയുടെ വിഹിതം നൽകികൊണ്ടിരിക്കുന്നത് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രിയാണ് ശ്രദ്ധിക്കേണ്ടത്. ലോക്കൽ ബോഡീസിന് കൊടുത്തുകൊണ്ടിരുന്ന തുക ഇല്ലാതാകുമ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾ ഇല്ലാതാകും. അതുകൊണ്ട് എത്ര തുകയാണോ ഇതിന്റെ ഭാഗമായി ലോക്കൽ ബോഡീസിന് നഷ്ടമാകുന്നത് അത് കോമ്പൻസേറ്റ് ചെയ്ത് ഗവൺമെന്റ് ആ തുക കൊടുക്കണമെന്നതാണ് എന്റെ 119-ാം നമ്പർ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്.

Shri T. K. Devakumar: Sir, I move the following amendment:

(118): In Section 30 A of the principal Act proposed to be inserted by clause 2, add the following proviso:

"Provided that the Government shall set apart a separate grant in the Annual Budget an amount equal to the amount of loss likely to be caused to the local bodies consequent on the coming into force of the Kerala Stamp (Amendment) Act, 2004".

സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതുകാരണം ജനങ്ങൾക്കുണ്ടാകുന്ന സൗകര്യത്തെ ഞാൻ സ്വാഗതം ചെയ്യുന്നതോടൊപ്പം ലോക്കൽ ബോഡീസിന് കിട്ടിക്കൊണ്ടിരുന്ന വരുമാനം കുറയുന്നത് പരിഹരിക്കാൻ ഒരു ബഡ്ജറ്റ് പ്രൊവിഷൻ കൊടുക്കാൻ കഴിയണം എന്നുള്ളതാണ് എന്റെ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. ഇക്കാര്യം പരിശോധിക്കുമെന്ന് വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ലോക്കൽ ബോഡീസിനോട് വളരെ താല്പര്യമുള്ള ആളായതുകൊണ്ട് ഈ ഭേദഗതി അംഗീകരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്.

മി. സ്പീക്കർ: മറ്റ് ഭേദഗതികളൊന്നും അവതരിപ്പിക്കേണ്ടതില്ല.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): മുനിസിപ്പൽ ആക്ടിൽ മുനിസിപ്പാലിറ്റി എന്നുള്ളതിൽ കോർപ്പറേഷനും ഉൾപ്പെടും. അതുകൊണ്ട് ശ്രീ. പി. ജയരാജൻ പറഞ്ഞ, ഭേദഗതി ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്തിന് രണ്ടു ശതമാനം എന്നുള്ളത് ഒന്നര ശതമാനമാക്കണമെന്നുള്ള ഭേദഗതിയും സ്വീകരിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. മുനിസിപ്പാലിറ്റികൾക്കോ പഞ്ചായത്തുകൾക്കോ ഇതുകൊണ്ട് ഒരു നഷ്ടവും സംഭവിക്കാൻ സാദ്ധ്യതയില്ല. അങ്ങനെ നഷ്ടം വരാനുള്ള സാദ്ധ്യതയുണ്ടെങ്കിൽ അപ്പോൾ അതിനെക്കുറിച്ച് പരിശോധിക്കാം.

Mr. Speaker: The amendment No. 105 moved by Shri P. Jayarajan was, put and lost.

Mr. Speaker: The amendment No. 107 moved by Shri P. J. Joy is, by leave, withdrawn.

The amendments Nos. 117 & 119 moved by Shri M.V. Jayarajan were put and lost.

The amendment No. 118 moved by Shri T.K. Devakumar was, put and lost.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Shri V.D. Satheesan: Sir, I move the following amendment:

(121): In column 3 against serial number 21 of the schedule of the principal Act proposed to be amended by clause 3 (a) for the words "for two rupees" substitute the words "one and a half rupees" and "for whichever is higher" substitute "whichever is lower".

Shri Kalathil Abdulla: Sir, I move the following amendments:

(127): In the schedule to the principal Act proposed to be amended by clause 3, insert the words "decided for land in each survey number giving due consideration of the difference in convenience and accessibility to the different parts of the extensive lands in the same survey number instead of a flat rate for the entire area", after the words "fair value of the property" and before the words "or the amount".

LIBRARY ARCHIVES Kerala Legislative Assembly

(129): In the schedule to the principal Act proposed to be amended by clause 3, insert the words "including instrument of partition or settlement", after the words "such conveyance" and before the words "whichever is higher".

(138) : In column 3 of item (i) and (ii) against serial number 22 of the schedule to the principal Act proposed to be amended by clause 3, insert the words "determined by a Committee consisting of retired Revenue Officers not below the rank of a Tahsildar and Panchayat Presidents/Municipal Chairmen of the area" after the words "fair value of the property" and before the words "or the amount".

സർവ്വേ നമ്പർ പ്രകാരം വില നിശ്ചയിച്ച കാര്യത്തെ സംബന്ധിച്ച് ശ്രീ.ടി.കെ.ദേവകുമാർ ചൂണ്ടിക്കാണിച്ചു. അത് ഗൗരവമായ ഒരു പ്രശ്നമായിട്ട് എടുക്കണം. അതുപോലെ മുമ്പ് ഗ്രാമപഞ്ചായത്തുകളിൽ പത്തു ശതമാനവും മുനിസിപ്പാലിറ്റികളിൽ പന്ത്രണ്ടര ശതമാനവും കോർപ്പറേഷനുകളിൽ പതിമൂന്നര ശതമാനവും സ്റ്റാമ്പ് ഡ്യൂട്ടി ഉണ്ടായിരുന്നപ്പോൾ ഭാഗപത്രത്തിന് അഞ്ചു ശതമാനം മാത്രമായിരുന്നു. ഇന്ന് ഇതൊക്കെ കുറച്ചപ്പോൾ ഭാഗപത്രത്തിന് പഴയ റേറ്റ് തന്നെയാണ്. ഭാഗപത്രത്തിന്റെ കാര്യത്തിൽ ഒരു തീരുമാനമെടുക്കണം. ആ റേറ്റ് ചുരുക്കണം.

Shri P. Jayarajan : Sir, I move the following amendments:

(131): In column 3 of item (i) against serial number 22 of the schedule to the principal Act proposed to be amended by clause 3, delete the words "the fair value of the property or" and "whichever is higher".

(137): In column 3 of the item (ii) against serial number 22 of the schedule to the principal Act proposed to be amended by clause 3, delete the words "the fair value of the property or" and "whichever is higher".

Shri M. V. Jayarajan: Sir, I move the following amendment:

(141): In the schedule to the principal Act proposed to be amended by clause 3, after sub clause (b) add the following sub-clauses:

"(c)—A fair value commission shall be constituted in every local bodies with the following members:

(1) President or Chairman of the concerned local body.

LIBRARY ARCHIVES Kerala Legislative Assembly

(2) Sub-Registry Officer.

(3) Agricultural Officer.

(4) Village Officer.

The President or Chairman of the local body shall be the Chairman of the fair value committee and the Village Officer will be the Convenor.

(d)—An appeal authority will be constituted in every district to hear the disputes in this matter, with the following members:

(i) The District Collector

(ii) The President, District Panchayat

(iii) District Registrar.

The District Registrar shall be the convenor of the appeal committee.

(e)—If any dispute arises in the fair value fixed by the fair value commission, the dispute shall be referred to the Appeal Committee, by the convenor within thirty days from the date of fixation of the fair value. The Appeal Committee shall take a decision on the above matter within three months from the receipt of the appeal and the decision of the committee thereon shall be final".

ശ്രീ. പി. ജയരാജന്റെ 131-ാം നമ്പർ ഭേദഗതി എന്റെ 136-ാം നമ്പർ ഭേദഗതിക്ക് തുല്യമാണെങ്കിലും അദ്ദേഹം സൂചിപ്പിക്കാത്തതുകൊണ്ട് ഞാൻ പറയുകയാണ്. ഫെയർവാല്യൂ നിശ്ചയിക്കുമ്പോൾ ഫെയർവാല്യൂതന്നെ എടുത്തുപറയണോ, whichever is higher അതു പറയേണ്ടതില്ല. അതുകൊണ്ട് ഫെയർവാല്യൂവിൽത്തന്നെ നിൽക്കാൻ കഴിയണം. 141-ാം നമ്പർ ഭേദഗതി, ഇവിടെ അങ്ങ് പറഞ്ഞതുപോലെ ഫെയർവാല്യൂ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടാണ്. 1994-ലെ നിയമത്തിൽ വ്യവസ്ഥ ഉണ്ടായിരുന്നെങ്കിലും അത് നടപ്പിലായിട്ടില്ല. അതിന് പ്രായോഗികമായിട്ടുള്ള കാര്യങ്ങളാണ് ബന്ധപ്പെട്ടവർ പറയുന്നത്. അതുകൊണ്ട് വ്യക്തമായ വ്യവസ്ഥ വേണം. അതിൽ ഫെയർവാല്യൂ കമ്മിഷൻ എന്ന പേരിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റോ മുനിസിപ്പൽ ചെയർപെഴ്സണോ കൺവീനറായ സംവിധാനം ഉണ്ടാകണം. സബ് രജിസ്ട്രി ആഫീസർ, അഗ്രികൾച്ചറൽ ആഫീസർ,

LIBRARY ARCHIVES Kerala Legislative Assembly

വില്ലേജ് ആഫീസർ എന്നിവർ അംഗങ്ങളായിരിക്കണം ലോക്കൽ ബോഡീസിന്റെ പ്രസിഡന്റോ ചെയർമാനോ ആയ ആള് ചെയർമാനും വില്ലേജ് ആഫീസർ കൺവീനറും ആയിരിക്കണം. അതിന് ഒരു അപ്പീൽ അതോറിറ്റിയും വേണം. അപ്പീൽ അതോറിറ്റി ജില്ലാ കളക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഡിസ്ട്രിക്ട് രജിസ്ട്രാർ എന്നിവർ ഉൾക്കൊള്ളുന്നതായിരിക്കണം. അതിൽ ഡിസ്ട്രിക്ട് രജിസ്ട്രാർ കൺവീനറായിരിക്കണം. ഈ ഫെയർവാല്യൂ കമ്മിഷൻ ഈ ആക്ടിന്റെ ഭാഗമായി വരുന്നതാണ് നല്ലത്. 1994-ലെ നിയമത്തിൽ അതൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും നടപ്പിലാക്കിയിട്ടില്ല. അതുകൊണ്ട് പ്രായോഗികമായ കാര്യമാണ് ഞാൻ ഈ ഭേദഗതിയിലൂടെ കൊണ്ടുവന്നിട്ടുള്ളത്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ബഹുമാനപ്പെട്ട കളത്തിൽ അബ്ദുള്ള ഇവിടെ ഭാഗപത്രത്തെക്കുറിച്ച് പറയുകയുണ്ടായി. ആ കാര്യത്തെക്കുറിച്ച് പിന്നീട് ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നതാണ്. ബഹുമാനപ്പെട്ട ശ്രീ. എം. വി. ജയരാജൻ പറഞ്ഞ ഫെയർ വാല്യൂവിന്റെ കാര്യത്തിൽ അവസാന തീരുമാനം എടുത്തിട്ടില്ല. ഫെയർവാല്യൂവിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെ പറഞ്ഞതാണ്. അതിനെക്കുറിച്ച് വളരെയധികം അപാകതകളും പാകപ്പിഴകളും ഉണ്ടെന്നുള്ള ഒരു പിടി പരാതികൾ കിട്ടിയിട്ടുണ്ട്. അതെല്ലാം പരിശോധിച്ച് വ്യക്തമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുന്നതാണ്.

Mr. Speaker : The amendment No. 121, moved by Shri V. D. Satheesan, is, by leave, withdrawn.

The amendment Nos. 127, 129, 138 moved by Shri Kalathil Abdulla is, by leave, withdrawn.

The amendment Nos. 131 & 137 moved by Shri P. Jayarajan is, put and lost.

The amendment No. 141, moved by Shri M. V. Jayarajan is, put and lost.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4-ാം വകുപ്പ്

Shri M.V. Jayarajan : Sir, I move the following amendment :

(142) : Delete clause 4 (2).

മി. സ്പീക്കർ: മന്ത്രിക്ക് എന്തെങ്കിലും കൂടുതലായി പറയാനുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : കൂടുതലായി ഒന്നും പറയാനില്ല. ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Shri M. V. Jayarajan: Sir, I move the following amendments :

(94) : In the preamble, for the words "hereinafter appearing" substitute the words "of rationalization of stamp duty as envisaged in the National Housing and Habitat Policy".

(99) : In clause 1 (2) substitute the words "1st day of April 2004" for the words "2nd day of December 2003".

(102) : Clause 1 (2) shall be recast as follows :—

"(2) It shall be deemed to have come into force on the date of notification in the Government Gazette"

Shri K. P. Mohanan: Sir, I move the following amendment:

(96) : Clause 1 (2) shall be recast as follows :—

"(2) It shall come into force on the date as and when it is passed by the Kerala Legislative Assembly".

LIBRARY ARCHIVES Kerala Legislative Assembly

Shri A. K. Balan: Sir, I move the following amendment :

(97): Clause 1 (2) shall be recast as follows :—

"(2) It shall be deemed to have come into force on the 6th day of February 2004"

Shri P. Jayarajan: Sir, I move the following amendment :

(104) : Clause 1 (2) shall be recast as follows :—

"(2) It shall come into force on such date as the Government may by notification in the official Gazette appoint and different dates may be appointed for different areas".

മി. സ്പീക്കർ: മന്ത്രിക്ക് എന്തെങ്കിലും കൂടുതലായി പറയാനുണ്ടോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : കൂടുതലായി ഒന്നും പറയാനില്ല. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. വി. ജയരാജൻ അവതരിപ്പിച്ച 94, 99,102 എന്നീ ഭേദഗതികൾ നിരാകരിക്കപ്പെട്ടു.

ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 97-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. പി. ജയരാജൻ അവതരിപ്പിച്ച 104-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള മുദ്രപത്ര (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇന്നത്തെ ഭൂമി ഇടപാടിന്റെ ഫലമായി യഥാർത്ഥ വില കുറച്ചു കാണിച്ച് ഗവൺമെന്റിന് ലഭിക്കേണ്ട വരുമാനം ലഭിക്കാതിരിക്കുന്നതിന് പരിഹാരം കാണുന്നതിനുവേണ്ടി നല്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശത്തോടുകൂടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാൽ 50% സ്റ്റാമ്പ് ഡ്യൂട്ടി എല്ലാ മേഖലകളിലും കുറച്ചു എന്ന് പറയുന്നുണ്ടെങ്കിലും നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുള്ള തുകയുമായി നോക്കുമ്പോൾ ഒരു പൊരുത്തവുമില്ല. ബഹുമാനപ്പെട്ട സ്പീക്കർ തന്നെ മന്ത്രിയോട് ഇതിന് ഒരു സംവിധാനം ഉണ്ടാക്കണമെന്ന് പറയുകയും അത് അംഗീകരിക്കുകയും ചെയ്തതായിട്ടാണ് മനസ്സിലായത്. പക്ഷേ ആ സംവിധാനം പ്രഖ്യാപിച്ചുകൊണ്ട് ഇന്നതായിരിക്കും എന്ന് പറഞ്ഞു കൊണ്ടുള്ള നിലയിൽ, നമ്മുടെ പ്രതീക്ഷയുമായിട്ട് അങ്ങനെ ഇരിക്കാം എന്നേയുള്ളൂ. അതുകൊണ്ട് 500 രൂപ വിലയുള്ളതിന് 5,000 രൂപയും 5,000-ത്തിന്റേതിന് 50,000-വുമാണ്, അതാണ് വ്യത്യാസം. അപ്പോൾ അത് പരിഹരിക്കാനുള്ള സംവിധാനത്തെ സംബന്ധിച്ച് ഇവിടെ പറയുകയോ അല്ലെങ്കിൽ അത് നടപ്പിലാക്കാൻ വേണ്ടി പരാതി എന്തെങ്കിലും ഉണ്ടെങ്കിൽ അറിയിക്കാൻ സമയം കൊടുത്തത് ഫെബ്രുവരി 5 വരെ ആണ്. ആളുകൾക്ക് പരാതി കൊടുക്കാനുള്ള സമയം കുറഞ്ഞത് മൂന്ന് മാസമായി ദീർഘിപ്പിക്കണം.

മി. സ്പീക്കർ: അങ്ങനെയായിരുന്നാൽ തന്നെയും ചിലപ്പോൾ ഇത് എല്ലാവരുടേയും ശ്രദ്ധയിൽപ്പെട്ടു എന്ന് വരില്ല. അപ്പോൾ ഇങ്ങനെ ഒരു സംവിധാനം ഉണ്ടാകുന്നതായിരിക്കും നല്ലതെന്ന് തോന്നുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: അത് എന്തായിരിക്കും എന്നുള്ളത് ഇപ്പോൾ പ്രഖ്യാപിക്കാൻ വിഷമമുണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിച്ചിട്ട് ആ സംവിധാനം ഉണ്ടാക്കണം എന്നുള്ളതാണ് എനിക്ക് പ്രത്യേകിച്ച് പറയാനുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, ഈ നിയമം കൊണ്ടുവന്നത് നല്ല ഉദ്ദേശത്തോടുകൂടിയാണെന്നതിൽ എനിക്ക് തർക്കമില്ല. പക്ഷേ ഈ അടുത്തകാലത്തുണ്ടായ ഏറ്റവും ജനദ്രോഹകരമായ ഒരു ബില്ലാണ് ഇത് എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞ തിരുവല്ല ഇലക്ഷന് മുമ്പ്, നോട്ടിഫിക്കേഷൻ പോലും വരാതിരുന്ന സമയത്ത് ബഹുമാനപ്പെട്ട മന്ത്രി സി. എഫ്. തോമസിനെ ഞാൻ ഫോണിൽ വിളിച്ച് സംസാരിച്ചു. അദ്ദേഹം എന്നോട് പറഞ്ഞത് ഇത് നടപ്പാക്കുന്ന പ്രശ്നമേയില്ല എന്നാണ്. പക്ഷേ ഇലക്ഷൻ കഴിഞ്ഞപ്പോൾ ആരും അറിയാതെ ഈ നിയമം പ്രാബല്യത്തിൽ വന്നു. ഇത് മനഃപൂർവ്വം കബളിപ്പിക്കുന്ന രീതിയാണ്. ഇന്നിപ്പോൾ ഈ സംസ്ഥാനത്ത് അഞ്ച് സെന്റോ പത്ത് സെന്റോ ഭൂമി ഉള്ള ഒരാൾക്കും ആധാരം ചെയ്യാനും കഴിയില്ല, രജിസ്ട്രേഷനും നടക്കില്ല. വലിയ ഗതികേടിലാണ്. വിവാഹാവശ്യത്തിന് ബാങ്കിൽ പണയാധാരം എഴുതാൻ ചെന്നാൽ അതും നടക്കാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്, ഈ നിയമം ഗുണകരമല്ല. അതുകൊണ്ട് ഈ നിയമം വേണ്ട. ഇത് പിൻവലിക്കാനുള്ള സൻമനസ് അങ്ങ് കാണിക്കണം എന്നാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും സഭയിലെ പല അംഗങ്ങളും ബഹുമാനപ്പെട്ട സ്പീക്കറും സൂചിപ്പിച്ച വിധത്തിൽ ഫെയർവാല്യൂവിന്റെ കാര്യത്തിൽ സുതാര്യവും ജനങ്ങൾക്ക് ഉപകാരപ്രദവുമായ ഒരു സംവിധാനം ഉണ്ടാക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. തീർച്ചയായിട്ടും ആ സംവിധാനം ഉണ്ടാകണം. ഇങ്ങനെയൊക്കെ സംവിധാനം ഉണ്ടായിട്ടും പല സംസ്ഥാനങ്ങളിലും 10-ഉം 15-ഉം 16-ഉം പ്രാവശ്യം പിന്നേയും മാറ്റേണ്ടി വന്നിട്ടുണ്ട്. വേണ്ടിവന്നാൽ ഇതിന് പലപ്പോഴും അനുകൂലമായ മാറ്റങ്ങൾ ഉണ്ടാകേണ്ടി വരും. തീർച്ചയായും അതിന് അനുകൂലമായ സംവിധാനം ഉണ്ടാകുന്നതാണ്. ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞത് അപാകതയുണ്ടെങ്കിൽ തീർക്കണമെന്നാണ്. ഈ ബിൽ പാസാക്കിയാൽ അത് സാധിക്കും. ഈ ബിൽ പാസാക്കി എടുക്കേണ്ടതാണ്. ബിൽ പാസാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2004-ലെ കേരള മുദ്രപത്ര (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ഫെബ്രുവരി മാസം 6-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.58-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly